(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ പാമ്പുകടിയേറ്റ് വരുന്ന രോഗികൾക്ക് ഏത് സമയത്തും പ്രൊഫസർമാരുടെ നിലവാരത്തിലുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ കോളേജ് ഐ.സി. വിഭാഗം പരാതിക്കിടയില്ലാത്ത വിധത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രേമരാജന്റെ മരണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. പി. ശിവദാസൻ പുതിയേടത്ത് കണ്ണൻകരയിൽ നിന്നും ആരോഗ്യ മന്ത്രിക്ക് ലഭിച്ച പരാതി അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പാമ്പുകടി ചികിത്സാ യൂണിറ്റിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റ് പ്രൊഫസറുടെ നിയന്ത്രണത്തിലാണ്. ഇതിന് പുറമേ ഒരു അസോസിയേറ്റ് പ്രൊഫസറെയും പ്രസ്തുത യൂണിറ്റിൽ നിയമിച്ചിട്ടുണ്ട്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ മെഡിസിൻ വിഭാഗത്തിൽ ഇന്റൻസീവ് കെയർ യൂണിറ്റ് നിലവിലില്ല. മറ്റ് വിഭാഗങ്ങളിലെ നിലവിലുള്ള ഐ.സി. വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

പാറളം, കൂർക്കഞ്ചേരി, വല്ലച്ചിറ പി.എച്ച്.സി. കൾ

98 (147) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പാറളം, കൂർക്കഞ്ചേരി, വല്ലച്ചിറ, പി.എച്ച്.സി. കളിൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ എന്താണ് തടസ്സമെന്ന് വിശദമാക്കാമോ;

(സി) ആലപ്പാട് സി.എച്ച്.സി. യിൽ ഒരു എക്സ്റേ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ചേർപ്പ് സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തൃപ്രയാർ ആശുപത്രി സി.എച്ച്.സി. ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇവ ഗ്രാമതലത്തിലുള്ള മിനി പി.എച്ച്.സി. കളാണ്. ഇവിടെ പ്രാഥമിക വൈദ്യശുശ്രൂഷയാണ് ഉദ്ദേശിക്കുന്നത്.

(സി) സി.എച്ച്.സി. യുടെ പാറ്റേൺ അനുസരിച്ച് ധനലഭ്യതയും എക്സ്റേ പ്ലാന്റിന്റെ ലഭ്യതയും അനുസരിച്ച് ആലപ്പാട് സി.എച്ച്.സി. യിലും

LIBRARY ARCHIVES Kerala Legislative Assembly

എക്സ്റേ അനുവദിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ഒൻപതാം പദ്ധതിയിൽ കേരളത്തിലെ നൂറ് പി.എച്ച്.സി. കളെ സി.എച്ച്.സി. കളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓരോ വർഷവും ഇത് നടപ്പിലാക്കി വരികയാണ്. തുടർന്നുള്ള വർഷങ്ങളിൽ ജി.എച്ച്. തൃപ്പയാറും സി.എച്ച്.സി. ആയി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിന് നടപടി

99 (148) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ചേർപ്പ്, ആവണിശ്ശേരി പഞ്ചായത്തുകളിൽ ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാറളം ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതിയതായി ഹോമിയോ ആശുപത്രികൾ ആരംഭിക്കുമ്പോൾ കൂർക്കഞ്ചേരിയിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നടപ്പ് സാമ്പത്തികവർഷം എവിടെയൊക്കെ പുതിയ ആയുർവേദ, ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കണമെന്നതും, ഏതൊക്കെ ആയുർവേദ ഡിസ്പെൻസറികളെ ആശുപത്രിയാക്കി ഉയർത്തണമെന്നതും സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(സി) കൂർക്കഞ്ചേരിയിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണം എന്ന് നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് തീരുമാനം എടുക്കാനേ കഴിയുകയുള്ളൂ.

കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രി

100 (149) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് എത്ര കാലമായി;

(ബി) ഈ ഗവൺമെന്റ് ആശുപത്രിയിലെ അടിയന്തിര ആവശ്യങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് 'കരുണ' സാംസ്കാരിക സമിതി രജിസ്റ്റർ നമ്പർ: എ 496/99 എന്ന സംഘടനയുടെ ഭാരവാഹികൾ കായംകുളം എം.എൽ.എ. മുഖേന നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly